**കേരള സർക്കാർ**

നമ്പർ. 71413/ഡി.ബി 2/2008/തസ്വഭവ **തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

തിരുവനന്തപുരം, തീയതി: 10.11. 2008

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ്- ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ - നിർദ്ദേശങ്ങൾ സംബന്ധിച്ച്-

സൂചന:- 1) 14.05.2007-ലെ സ.ഉ.(എം.എസ്) 128/08/തസ്വഭവ നമ്പർ ഉത്തരവ്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 29.10.2008-ലെ യോഗ തീരുമാനം (ഇനം2.23)

പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2008-09 വാർഷിക പദ്ധതിയിൽ ഭക്ഷ്യധാന്യവിതരണ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പടുവിക്കുന്നു.

സൂചന ഒന്ന് മുഖേന പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം, സംയോജിത ശിശുവികസന പരിപാടിയുടെ (ഐ.സി.ഡി.എസ്) ഭാഗമായി നടപ്പാക്കുന്ന പോഷകാഹാര വിതരണ പ്രോജക്ടുകൾക്ക് വികസന ഫണ്ട് വകയിരുത്താവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾ സംയുക്തമായും നഗരപ്രദേശങ്ങളിൽ നഗരസഭകൾ അവയുടെ വിഹിതം മാത്രം വിനിയോഗിച്ചും നടപ്പാക്കേണ്ട ഒരു അനിവാര്യ പരിപാടിയാണിത്.

പെൻഷനോ മറ്റ് യാതൊരു വരുമാനമാർഗമോ ഇല്ലാത്ത ആശ്രയ-അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണമെന്നും ഭക്ഷ്യധാന്യത്തിന്റെ വില ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് നൽകുന്ന കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ (ചലഞ്ച് ഫണ്ട്) നിന്നും കുടുംബങ്ങളുടെ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ നേരിട്ട് ഒടുക്കണ മെന്നുമാണ് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അനുബന്ധം-5 ൽ നിർദ്ദേശിച്ചിട്ടുള്ളത്. അഗതികൾക്ക് ഭക്ഷ്യധാന്യം നൽകുവാൻ കുടുംബശ്രീയുടെ ചലഞ്ച് ഫണ്ടിന് പുറമെ വികസനഫണ്ട്/തനത്ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് സ്പഷ്ടീ കരണം നൽകുന്നു.

മുകളിൽ സൂചിപ്പിച്ച രണ്ട് പരിപാടികൾ അല്ലാതെ വികസന ഫണ്ട്/തനത്ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള മറ്റ് പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കാൻ പാടില്ല. 2008-09 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള മറ്റ് ഭക്ഷ്യധാന്യവിതരണ പ്രോജക്ടുകൾ, അവയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, ഉപേക്ഷിക്കേണ്ടതാണ്. അവ നടപ്പാക്കുകയാണെങ്കിൽ അതിന്റെ ചെലവ് നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്. പ്രസ്തുത പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലയിൽ/വിഭാഗത്തിൽ നിർദ്ദേശിക്കാവുന്നതാണ്.

**എസ്.എം.വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
17. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22. എല്ലാ കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
23. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
24. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
25. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
30. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
31. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
32. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ഡി/എഫ്.എം/ ഇ.പി.എ സെക്ഷനുകൾക്ക്